കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്
2016-17
ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1521/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ: 0487- 2331249
Email: dotsr.ksad@kerala.gov.in
തീയതി: 27.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1521/2017 തിയ്യതി:27.11.2017

## തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.9.17 മുതൽ 22.09.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫി ജോൺ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ചൈതന്യാ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.വി.എസ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷീല മനോഹരൻ<br>01-04-2016 മുതൽ 31.03.2017 വരെ | |
| സെക്രട്ടറി | ശ്രീ.പി.എസ് .വത്സൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനു.പി.പ്രഭ | 1.4.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീബ ജോർജ്ജ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ശ്രീമതി.ഡോ. തൃഷ്ണ ചന്ദ്രൻ. | 1.4.16 മുതൽ 31.10.16 വരെ |
| | ശ്രീമതി.ഡോ.സരള.എ.സി | 1.11.16 മുതൽ 19.12.16 വരെ |
| | ശ്രീമതി.ഡോ.ലക്ഷ്മി | 20.12.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ഡോ. പ്രദീപ് .സി.എ | 1.4.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപകൻ ജി.യു.പി.എസ്.ലൂർദ്ദ്പുരം | ശ്രീ.ജോസ് മാത്യു | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീമതി.ബിന്ദു.കെ.കെ തലോർ സർക്കിൾ | 1.4.16 മുതൽ 31.3.17 വരെ |
| | ശ്രീ.ലിൻസൺ.കെ.ഡേവിസ്. നെൻമണിക്കര സർക്കിൾ | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗ്രേസി .ടി.പി | 01.04.16 മുതൽ 21.09.16 വരെ |
| | ശ്രീമതി. ബിജിമോൾ.സി.എസ്. | 22.09.16മുതൽ 31.03.17വരെ |
| അസി.സെക്രട്ടറി | ശ്രീ.മനോജ്.എ.എസ് | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി .ഇഷാ മുരളി | 1.4.16 മുതൽ 31.3.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| ഭാഗം 2 | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-1 |
| 13 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയ തുക അടപ്പിക്കേണ്ടതാണ് | 2-2 |
| 14 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-3 |
| 15 | റഗുലറൈസേഷൻ ഫീസ് കുറവ് ഈടാക്കിയിരിക്കുന്നു | 2-4 |
| 16 | വിനോദനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി-തുക കണക്കാക്കി അടപ്പിക്കേണ്ടതാണ് | 2-5 |
| ഭാഗം 3 | | |
| 17 | കൈപ്പറ്റ് രസീതി ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 18 | കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ് | 3-2 |
| 19 | കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-3 |
| 20 | ഐ.സി.ഡി.എസ് .സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-1412809 രൂപ തടസ്സം | 3-4 |
| 21 | നെൽകൃഷി-പച്ചക്കറി കൃഷി വ്യാപനം -പദ്ധതി നടത്തിപ്പിൽ കൂടുതൽ ജാഗ്രതയുടെ ആവശ്യം | 3-5 |
| 22 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പദ്ധതികൾ-അവലോകനം | 3-6 |
| 23 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു-വിശദീകരണം നൽകേണ്ടതാണ് | 3-7 |
| 24 | അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ- ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-309000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-രേഖകൾ ഹാജരാക്കിയിട്ടില്ല-450000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-9 |
| 26 | അടിസ്ഥാന സൗകര്യ വികസനം താൽക്കാലികമായി തടസ്സപ്പെട്ടു-സർക്കാർ തലത്തിലുള്ള പരിഹാര നടപടികൾക്ക് ശ്രമിക്കേണ്ടതാണ്. | 3-10 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-11 |
| ഭാഗം 4 | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ /വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൽ | 4-9 |
| 37 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീരുമാനം/തീയതി | 11/17.12.16 |

## 1-2 വാർഷികധനകാര്യപത്രിക

| ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.17 | 19.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 23.9.17 |

വാർഷികകണക്ക പരിശോധനയിലെ അപാകതകൾ

1.കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ പരിശോധിച്ചതിൽ ആയതിന്റെ കൃത്യമായ കണക്ക് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ).2016-17സാമ്പത്തികവർഷം കെ.എസ്.ഇ.ബി.യിൽ 258504 രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 25423 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല . ബാലൻസ് ഷീറ്റ് ബി.18 -ൽ ബാലൻസ് ആയി 203806 രൂപയാണ്.

ബി).വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക 250000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ബാലൻസ് ഷീറ്റ് ബി.18 -ൽ ബാലൻസ് ആയി കാണിക്കേണ്ടതാണ്. ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.നാളിതുവരെയുള്ള ആസ്തിബാധ്യതകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.
3.ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസിന്റെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുടെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.
2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12731975 |

| | |
|---|---|
| വരവ് | 37693858 |
| ആകെ | 50425833 |
| ചെലവ് | 31324467 |
| നീക്കിയിരിപ്പ് | 19101366 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8444953 | 8444953 | 5749917 | 2695036 | 68.08 |
| വികസനഫണ്ട് എസ്.സി.പി. | 4282908 | 4282908 | 2845285 | 1437623 | 66.43 |
| വികസനഫണ്ട് ടി.എസ്.പി. | 34737 | 34737 | 9034 | 25703 | 26.00 |
| സംരക്ഷണഗ്രാന്റ് റോഡ് | 5736084 | 5736084 | 739102 | 4996982 | 12.88 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 2554755 | 664408 | 1890347 | 26.00 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4736588 | 4736588 | 2115072 | 2621516 | 44.65 |
| പെർഫോമൻസ് ഗ്രാന്റ് | 2939183 | 2939183 | 270000 | 2669183 | 9.18 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 3927108 | 74 | 2007434 | 57 | 8 | 51.12 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 29 | 16 | 6442597 | 3642375 | 57 |
| അസി.എഞ്ചിനീയർ | 67 | 17 | 16398222 | 2542124 | 16 |
| കൃഷി ഓഫീസർ | 5 | 5 | 2018580 | 731521 | 36 |
| വെറ്ററിനറി സർജൻ | 3 | 3 | 1465000 | 554500 | 38 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 9 | 9 | 1301500 | 1079065 | 83 |
| വി.ഇ.ഒ | 7 | 7 | 2961100 | 1868600 | 63 |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 6 | 6 | 3226755 | 2359497 | 73 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 125000 | 100000 | 80 |
| അസി.സെക്രട്ടറി | 12 | 10 | 3927108 | 2007434 | 51 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.ശതമാനം 63.38 %വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6024212 | 10687215 | 4663003 | +77.40 |
| നികുതിയേതര വരവുകൾ | 1239065 | 1218738 | 20327 | (-)1.64 |
| മറ്റു വരവുകൾ | 42205 | 30345 | 11860 | -28.10 |
| ആകെ | 7305482 | 11936298 | 4630816 | +63.38 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 223320 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 3689020 | 355 |
| വിധവാ പെൻഷൻ | 11521010 | 958 |
| വാർദ്ധക്യകാല പെൻഷൻ | 13964280 | 1311 |
| വികലാംഗപെൻഷൻ | 2323340 | 250 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 961280 | 83 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4)പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.17 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11,743/- രൂപ

നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സുകൾ, ഗ്രാമസഭ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ, എന്നിവയിൽ നല്ല രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകൾ , ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.9.2017 | 8/17 | 27.5.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.9.10 മുതൽ 18.9.2010 | 2005-06 മുതൽ 2009-10 വരെ | 3.11.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഓ ലൈസൻസ് നൽകിയതിലെ അപാകതകൾ

ഡി & ഓ ലൈസൻസ് നൽകുന്നതു സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) ഭൂരിഭാഗം സ്ഥാപനങ്ങളുടെയും അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ്, അന്വേഷണ ഉദ്യോഗസ്ഥന്റെ സ്ഥലപരിശോധനാ റിപ്പോർട്ട് മുതലായ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | റൂം നം. |
|---|---|---|---|
| 1 | 4 | ശ്രീലക്ഷ്മി ക്ലേ പ്രൊഡക്ട്സ് 85HP | XI/398 |
| 2 | 17 | ശ്രേയസ്സ് വുഡ് ഇൻഡസ്ട്രീസ് 60HP | XV/197 |
| 3 | 42 | കെ.ആർ.ജി.ടൈൽ വർക്സ് 60HP | I/392 |
| 4 | 44 | നീന സിറാമിക്സ് 30HP | XIII/265 |
| 5 | 50 | ക്രിസ്റ്റൽ പോളിമേഴ്സ് | XV/92 |
| 6 | 52 | പ്രിയദർശിനി ടൈൽസ് 62HP | XV/111 |

| | | | |
|---|---|---|---|
| 7 | 53 | പ്രിയദർശിനി സോമിൽ 26HP | XV/111A |
| 8 | 55 | താഴത്ത് സിറാമിക്സ് 95HP | III/260 |
| 9 | 56 | ഫേൻസി സിറാമിക്സ്, 95HP | III/155 |
| 10 | 57 | ഡീലക്സ് സോമിൽ, 95HP | III/351 |
| 11 | 76 | റോയൽ സിറാമിക്സ്, 89HP | VI/326 |
| 12 | 114 | തെക്കിനിയേടത്ത് ടൈൽസ്, 92.5HP | IV/13 |
| 13 | 125 | ചിത്തിര പോട്ടറീസ്, 50HP | XV/403 |
| 14 | 130 | വേളാങ്കണ്ണിമാതാ ക്ലേവർക്സ്, 28HP | X/44 |
| 15 | 135 | സുപ്രീം സിറാമിക്സ്, 49.5HP | XIII/166 |
| 16 | 136 | പി & എ സിറാമിക്സ്, 60HP | X/357 |
| 17 | 152 | ഹരേ രാമ ഹരേ കൃഷ്ണ സിറാമിക്സ്, 99.5HP | XIII/343 |
| 18 | 160 | ആൽഫാ പ്ലാസ്റ്റിക്സ്, 60HP | XIV/270 |
| 19 | 182 | ഹെയിൽ മേരി സിറാമിക്സ്, 25HP | XIII/294 |
| 20 | 189 | ശ്രീബുദ്ധ ടൈൽ വർക്സ്, 85HP | VI/199 |
| 21 | 191 | സെന്റ് മേരീസ് സിറാമിക്സ്, 50HP20HP | XIII/36 |
| 22 | 199 | മൊയ്ലൻ ഇലക്ട്രോഡ്സ് പ്രൈ. ലി., 90HP | XV/52 |
| 23 | 218 | പ്രകാശ് സിറാമിക്സ്, 35HP | XV/421 |
| 24 | 227 | സെന്റ് മേരീസ് ക്ലേ ഡെക്കേഴ്സ്, 50HP | III/154 |
| 25 | 231 | അൻസാസ് ടൈൽസ്, 90HP | I/478 |
| 26 | 236 | ശ്രീബാലലക്ഷ്മി ടൈൽ വർക്സ്, 50HP | XIII/262 |
| 27 | 238 | ഹൈപവർ മെഷീൻസ്, 25HP | IV/420,421 |
| 28 | 246 | സതേൺ ക്ലേ ക്രാഫ്റ്റ്, 90HP | III/140 |
| 29 | 251 | കൈലാസ് ക്ലേ പ്രൊഡക്ട്സ്, 95HP | XII/399 |
| 30 | 252 | ശ്രീകൈലാസ് പോട്ടറീസ്, 90HP | XI/282 |
| 31 | 262 | ചിത്രം സിറാമിക്സ്, 87.5HP | VI/187 |

2)1996ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 12(3) പ്രകാരം 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപേക്ഷയോടൊപ്പം വയ്ക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങൾ മലിനീകരണ

നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | റൂം നം. | സ്ഥാപനത്തിന്റെ പേര് | യന്ത്രശക്തി |
|---|---|---|---|
| 1 | XI/203 | കർണ്ണകി പോട്ടറീസ് | 28HP |
| 2 | III/339 | ഗൾഫ് എക്സ്പ്രസ്സ് ഓട്ടോ എഞ്ചിനീയറിങ്ങ് | 20HP |
| 3 | XIII/347, 347B | ടെക്കോ ഇൻഡസ്ട്രീസ് | 105.5 HP |
| 4 | I/244 | സിംപിൾ പ്ലാസ്റ്റിക്സ് | 16 HP |
| 5 | III/1(7)to1(15) | മിറാക്കിൾ കാർസ്പാ | 20 HP |
| 6 | IX/104 | മാതാ സിറാമിക്സ് | 50 HP |
| 7 | XIII/166 | രാധാമണി പോട്ടറീസ് | 40 HP |
| 8 | XII/404 | സനൽ വുഡ് ഇൻഡസ്ട്രീസ് | 22 HP |

3) ചില അപേക്ഷകളിൽ രേഖപ്പെടുത്തിയ യന്ത്രശക്തിയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രത്തിലെ യന്ത്രശക്തിയും വ്യത്യസ്തമാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| റൂം നം. | സ്ഥാപനം | അപേക്ഷയിലെ യന്ത്രശക്തി | PCB പ്രകാരം യന്ത്രശക്തി |
|---|---|---|---|
| XV/10 | സതേൺ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | 50 HP | 80.4 HP |
| XV/8 | സതേൺ കൺസോളിഡേറ്റ് പ്ലാസ്റ്റിക്സ് | 113 HP | 47.5 HP |
| XV/7 | സതേൺ യൂണിയൻ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | 50 HP | 76.6 HP |
| XV/11 | സതേൺ ഇന്ത്യ പോളി പ്രൊഡക്ട്സ് | 105 HP | 72.5 HP |
| XV/12 | വെസ്റ്റേൺ പ്ലാസ്റ്റിക്സ് | 238.6 HP | 324.61 HP |
| XV/9 | സതേൺ ക്രേയ്റ്റ്സ് & കണ്ടെയ്നേഴ്സ് പ്രൈ. ലി. | 100 HP | 67.5 HP |

യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന യന്ത്രശക്തി സംബന്ധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതും അതനുസരിച്ചുള്ള ഫീസ് ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 1/14.09.2017 നുള്ള മറുപടിയിൽ യഥാർത്ഥ യന്ത്രശക്തിക്കനുസരിച്ച് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-2 ഡി & ഓ ലൈസൻസ് ഫീസ് - കുറവായി ഈടാക്കിയ തുക അടപ്പിക്കേണ്ടതാണ്.

ഭൂരിഭാഗം അപേക്ഷകളിലും വിറ്റുവരവ്, തൊഴിലാളികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തുന്നില്ല. ചില അപേക്ഷകളിൽ രേഖപ്പെടുത്തിയ വിറ്റുവരവിന് അനുസരിച്ച് ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | അപേക്ഷയിലെ വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടത് | കുറവ് വന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സതേൺ ക്രേയ്റ്റ്സ് & കണ്ടെയ്നേഴ്സ് | 66,000 | 1,000 | 2,000 | 1,000 |
| ചിത്തിര പോട്ടറീസ് | 15,000 | 100 | 300 | 200 |
| സുപ്രീം സിറാമിക്സ് | 30,000 | 300 | 1000 | 700 |
| ഹരേ രാമ ഹരേ കൃഷ്ണ സിറാമിക്സ് | 18,000 | 200 | 500 | 300 |
| റോയൽ സിറാമിക്സ് | 30,000 | 200 | 1000 | 800 |

കുറവ് വന്ന തുകയായ 3,000/- രൂപ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

വസ്തുനികുതി ഇനത്തിൽ വൻതുക കുടിശ്ശിക വരുത്തിയ ചില ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| കെട്ടിട നം. | പേര് | തുക |
|---|---|---|
| XI/32 | സന്ധ്യ മുരളീധരൻ, പണ്ടാരപറമ്പിൽ,ചിറ്റിശ്ശേരി | 59,730 |
| XI/33 | ദേവസൂര്യ സന്ധ്യ മുരളീധരൻ, പണ്ടാരപറമ്പിൽ, അർച്ചന മോട്ടേഴ്സ് | 1,24,449 |
| XI/34 | അർച്ചന മോട്ടേഴ്സ്, ചിറ്റിശ്ശേരി | 74,662 |
| XI/35 | പി.വി.മുരളീധരൻ, പണ്ടാരപറമ്പിൽ, ചിറ്റിശ്ശേരി | 19,910 |
| V/537 | പ്രൊപ്പറേറ്റർ, ശ്രീരാമ മൂവീസ് | 33,347 |
| ആകെ | | 3,12,098 |

വാർഷിക ധനകാര്യ പത്രിക പ്രകാരം 11,87,178/- രൂപ വസ്തുനികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243 വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം യഥാസമയം നടപടി സ്വീകരിക്കുന്നതിലെ വീഴ്ചമൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-4 റെഗുലറൈസേഷൻ ഫീസ് കുറവ് ഈടാക്കിയിരിക്കുന്നു.

റഗുലറൈസേഷൻ ഫീ കുറവ് ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പെർമിറ്റ് നമ്പർ | ഉടമസ്ഥന്റെ പേര്, വിലാസം | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് (പെർമിറ്റ് ഫീ +രണ്ട് ഇരട്ടി ക്രമവത്ക്കരണ ഫീ) | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | എ-5815/PMT /29/17-18 | സുരേഷ്, മച്ചാടൻ വീട്, ചിറ്റിശ്ശേരി | 216.32 (താമസം) | 216.32x9=1947 | 1298 | 649 |

| | | | | | | |
|---|---|---|---|---|---|---|
| 2 | എ-1748/PMT /36/17-18 | സതീഷ് &ജിംന, കണ്ണംകുളങ്ങര വീട്, പാഴായി | 137.5 (താമസം) | 137.5x9=1238 | 825 | 413 |
| 3 | എ-2450/REG /1/15.06.16 | റോജ സിജി, മഞ്ഞളി വീട്, അളഗപ്പനഗർ | 170.6 (വാണിജ്യം) | 170.6x15=2559 | 1706 | 853 |
| ആകെ | | | | | | 1915 |

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4) രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിററ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ലോക്കൽഫണ്ട് ഡയറക്ടർക്കയച്ച കത്ത് നം.229813/RD/2/15/തസ്വഭവ തിയതി 11/11/15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിൽ മേൽ പെർമിററ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോപ്പം പെർമിററ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്തിന് വരവിനത്തിൽ നഷ്ടംവന്ന മേൽപ്പറഞ്ഞ തുക കെട്ടിട ഉടമകളിൽനിന്ന് ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-5 വിനോദ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി -- തുക കണക്കാക്കി അടപ്പിക്കേണ്ടതാണ്.

ജി.ഒ.ആർ.ടി നം.2697/2007/ത.സ്വ.ഭ.വ/03.10.2007 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിനോദ നികുതി നിരക്ക് 15% ആയി നിശ്ചയിച്ചിരുന്നു. എന്നാൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 17.03.2016 ലെ തീരുമാനം നം. 3(4) പ്രകാരം വിനോദ നികുതി 12.5% ആയി നിശ്ചയിക്കുകയാണുണ്ടായത്. ഇതു സംബന്ധിച്ച എൻക്വയറി നം. 13/18.09.17 നുള്ള മറുപടിയിൽ സർക്കാർ ഉത്തരവ് സംബന്ധിച്ച ധാരണ കുറവ് മൂലം സംഭവിച്ചതാണെന്നും തുക അടവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വ്യത്യാസം വന്ന തുക കണക്കാക്കി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൈപ്പറ്റ് രശീതി, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നവകേരള മിഷൻ പദ്ധതിയിലെ ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വാർഡുകളിൽ ശുചിത്വം, മാലിന്യ സംസ്കരണം, ജലവിഭവ സംസ്കരണം, കാർഷിക വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വൌച്ചർ നം. 21600763/07.12.16 പ്രകാരം 18,000/- രൂപയും വൌച്ചർ നം. 21600789/16.12.16 പ്രകാരം 7,000/- രൂപയും നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീതി, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. മുഴുവൻ രേഖകളും ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്ത് തൻവർഷം 8,87,256/- രൂപ അടവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെപ്പറ്റി GO(Rt) 1501/2006/LSGD dt.23.06.06 പ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയത് എത്രയും പെട്ടെന്ന് പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലനം-പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ -S003/17

ട്രഷറി ബിൽ നമ്പർ- 1/16-17/28.3.17/ 287500 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജ്ജൻ

2016-17സാമ്പത്തികവർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 287500 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക നൽകിയിട്ടുണ്ട്. 2016 മാർച്ച് മാസത്തിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 287500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.സി.ഡി.എസ് .സൂപ്പർ വൈസർ നടപ്പാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.- 1412809രൂപ തടസ്സം

1.അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം

പ്രോജക്റ്റ് നമ്പർ-S0011/17

ട്രഷറി ബിൽ നമ്പർ 5/16-17/21.3.17 തുക 362640 രൂപ

ട്രഷറി ബിൽ നമ്പർ 2/16-17/5.12.16 തുക 509069 രൂപ

20 അംഗൻവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകുന്നതിനാണ് മേൽ തുക വിനിയോഗിച്ചിരിക്കുന്നത്. തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും വാർഷികബത്തയും

പ്രോജക്റ്റ് നമ്പർ-S0021/17

ട്രഷറി ബിൽ നമ്പർ-6/16-17/27.3.17 തുക 541100 രൂപ

ആകെ 33 ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് മേൽ തുക വിനിയോഗിച്ചിരിക്കുന്നത്. തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൈപ്പറ്റുരസീതി ഹാജരാക്കുന്നതുവരെ ചെലവുതുക 1412809 രൂപ തടസ്സപ്പെടുത്തുന്നു

## 3-5 നെൽകൃഷി - പച്ചക്കറി കൃഷി വ്യാപനം - പദ്ധതി നടത്തിപ്പിൽ കൂടുതൽ ജാഗ്രതയുടെ ആവശ്യം

2016-17 വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ [സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ തീ.11.01.16] പ്രകാരം ഉൽപാദനമേഖലയുടെ സ്ഥായിയായ വളർച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട മേഖലകളിൽ ഒന്നാണ്. ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും ഉൽപാദനവർദ്ധനവ് സാധ്യമാക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു [ഭാഗം 4, ഖ.11.1(iii)]. 2016-17 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7), നെൽകൃഷി വ്യാപനം (S0 076/17) എന്ന പദ്ധതിയിൽ നെൽകൃഷി പുതുതായി 2 ഹെക്ടർ സ്ഥലത്തേക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചുവെന്ന് മറുപടി നൽകിയിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷി വ്യാപനം (S0 070/17) എന്ന പദ്ധതിയിൽ 59 ഗുണഭോക്താക്കളും

പുതുതായി കൃഷിയിലേക്ക് വന്നതാണെന്ന് പറയുന്നു. ഈ വർദ്ധന കുറച്ചുകാണുന്നില്ലെങ്കിലും വർദ്ധനവിന്റെ തോതും ആവശ്യകതയും തമ്മിലുള്ള അനുപാതം സാഹചര്യം ആവശ്യപ്പെടുന്ന തരത്തിലല്ലായെന്നത് പദ്ധതി നടത്തിപ്പിൽ കൂടുതൽ ജാഗ്രത ആവശ്യപ്പെടുന്നുണ്ട്.

## 3-6 മെഡിക്കൽ ഓഫീസർ(PHC) നടപ്പാക്കിയ പദ്ധതികൾ - അവലോകനം.

*1.PHC-ക്ക് മരുന്ന് വാങ്ങൽ(so 088/17)*

ട്രഷറി ബിൽ - 5/16-17 തീ.21.02.17 Rs.1,00,000

2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ [സ.ഉ.(എം.എസ്.) നം.4/2016/ തസ്വഭവ തീ.11.01.2016 അനുബന്ധം 15, ഖണ്ഡിക 7.4 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവൂ എന്നും മരുന്ന് വാങ്ങുന്നതിനു മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ 1 ലക്ഷം രൂപ ചെലവഴിച്ച് മരുന്ന് വാങ്ങിയിരിക്കുന്നത് മേൽ നിർദ്ദേശത്തിനു വിരുദ്ധമായി കാരുണ്യ ഫാർമസിയിൽ നിന്നാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർ ഹൗസ് മാനേജരാണ്. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 14.03.17-ലെ സ.ഉ.(സാധാ)നം.653/2017 പ്രകാരം കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വെയർ ഹൗസ് മാനേജർ നിശ്ചിത പ്രൊഫോർമയിൽ നൽകുന്ന നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിൽ ജില്ലാ മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്തുനൽകുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റായി പരിഗണിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള സർട്ടിഫിക്കറ്റും ഓഡിറ്റ് സമയത്ത് ഹാജരാക്കുകയുണ്ടായില്ല.

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ബിൽ നം.26727/17.17.17 പ്രകാരം 67,014 രൂപയുടെ മരുന്നുകൾ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്.

മേൽ കാരണങ്ങളാൽ ചെലവഴിച്ച സംഖ്യ 1 ലക്ഷം രൂപ തടസ്സത്തിൽവെക്കുന്നു.

*2.സാന്ത്വന പരിചരണ പരിപാടി (so 084/17)*

അടങ്കൽ തുക 5,42,500
ട്രഷറി ബിൽ i)2/16-17 തീ.30.01.17 RS.1,60,942

ii)3/16-17 തീ.21.02.17 Rs.64,000

iii)9/16-17 തീ.16.03.17 Rs.62,965

iv)14/16-17 തീ.24.03.17 Rs.40,140

നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ രേഖകൾ പ്രകാരം സാന്ത്വന പരിചരണ പരിപാടി (so 084/17) എന്ന പദ്ധതിക്ക് 3,28,047/- രൂപ ചെലവ് വന്നിട്ടുണ്ട്. ട്രഷറി ബിൽ 3/16-17 തീ.21.02.17 പ്രകാരം 64,000 രൂപ കാരുണ്യ ഫാർമസിക്ക് നൽകിയിട്ടുണ്ടെങ്കിലും ബിൽ നം.26729/17.07.17 പ്രകാരം 35,637 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. ശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി പ്രകാരം 1 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽനിന്നുള്ള വിഹിതമാണ്. എന്നാൽ പ്രസ്തുത തുക ലഭിച്ചുകാണുന്നില്ല.

*3.PHC-യിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (so 092/17)*

ട്രഷറി ബിൽ നം.4/16-17 തീ.21.02.17 Rs.50,000

ട്രഷറി ബിൽ നം.13/16-17 തീ.23.03.17 Rs.21,418

ട്രഷറി ബിൽ നം.4/16-17 തീ.21.02.17 പ്രകാരം 50,000 രൂപ ഉപകരണങ്ങളുടെ വിലയായി കാരുണ്യ

ഫാർമസിക്ക് നൽകിയെങ്കിലും ബിൽ നം.26728/17.07.17 പ്രകാരം 7,000 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ശേഷിക്കുന്ന തുകയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

സെൻട്രൽ സർജിക്കൽസ്, കുറുപ്പം റോഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽനിന്നും റിടെയിൽ ഇൻവോയ്സ് നം.2126/18.03.17 Rs.16,170പ്രകാരം ഒരു Autoclave machine വാങ്ങിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിൽ പ്രാബല്ല്യത്തിലുള്ള Procurement Manual[GO(P)No.259/2010/LSGD Dt.08.11.2010] പ്രകാരം 25,000 രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്തുകയും ചുരുങ്ങിയത് 3 ക്വട്ടേഷനുകളെങ്കിലും ലഭിച്ചിരിക്കുകയും വേണം. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ എടുത്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ 16,170 രൂപ തടസ്സത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.21)

*4.സാന്ത്വന പരിചരണ പരിപാടി ഉപകരണങ്ങൾ വാങ്ങൽ(so 134/17)*

ട്രഷറി ബിൽ - 10/16-17 തീ.15.03.17 Rs.47,240

സാന്ത്വന പരിചരണ പരിപാടിക്കായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 50,000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കുകയും കാരുണ്യ ഫാർമസിയുടെ പ്രൊഫോർമ ഇൻവോയ്സ് നം.PRF 115/09.03.17 പ്രകാരമുള്ള തുക 47,240 രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയായി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. ദരിദ്രരും നിരാലംബരുമായ രോഗികൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഉപകരണങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതരത്തിലുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

*5.NHM ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ(so 089/17)*

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ NHM ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള ട്രഷറിബില്ലുകൾ പ്രകാരം 4,00,000 രൂപ ചെലവ് വന്നിട്ടുണ്ട്.

1/16-17 തീ.31.12.16 തുക 2,00,000

7/16-17 തീ.03.03.17 തുക 50,000

8/16-17 തീ.03.03.17 തുക 1,50,000

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽനിന്നും താഴെ പറയുന്ന വിഷയങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട് ;

1) ട്രഷറി ബിൽ 8/16-17 പ്രകാരം 1,50,000 രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയതായി കാണുന്നു(DD No.327688/03.01.17). എന്നാൽ ഔഷധിയിൽനിന്നും 1,00,000 രൂപയുടെ രശീതി മാത്രമാണ് ലഭിച്ചുകാണുന്നത്.

2) തുക നൽകുമ്പോൾ ഔഷധിയുമായി ഒപ്പുവെച്ച കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. കരാർ പ്രകാരം മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)ഔഷധിയുമായി ഒപ്പുവെച്ച കരാർ മുദ്ര പത്രത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല.

4)ട്രഷറി ബിൽ 7/16-17 പ്രകാരം 50,000 രൂപ പിൻവലിച്ച് ആയുർധാര എന്ന സ്ഥാപനത്തിന് നൽകിയതായി ഫയലിൽനിന്നും അറിയുന്നു. എന്നാൽ മരുന്നുകൾ ലഭിച്ച വിവരം ലഭ്യമല്ല. സ്ഥാപനത്തിന്റെ ബിൽ, രശീതി എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ഔഷധി, ആയുർധാര എന്നിവക്ക് നൽകിയ 2 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.26)

## 3-7 മാർഗ്ഗരേഖക്കുവിരുദ്ധമായി തുക ചെലവഴിച്ചു - വിശദീകരണം നൽകേണ്ടതാണ്.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ ധനകാര്യ കമ്മീഷൻ അവാർഡു തുകയും വിനിയോഗിച്ചുകാണുന്നു ;

| ക്രമ നം. | പദ്ധതിയുടെ പേര് | ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും വകയിരുത്തിയ തുക |
|---|---|---|
| 1 | PHC ക്ക് മരുന്ന് വാങ്ങൽ (so 088/17) | 1,00,000 |
| 2 | NHM ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (so 089/17) | 1,50,000 |
| 3 | NHM ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (so 091/17) | 1,00,000 |
| | ആകെ | 3,50,000 |

2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ ഭാഗം 3, ഖണ്ഡിക 8.2-ൽ ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണസ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ കൊണ്ട് ലക്ഷ്യമിടുന്നതെന്ന് നിരീക്ഷിക്കുന്നു. ഖ.12.6-ൽ താഴെ പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്.

1.കുടിവെള്ള വിതരണം.

2.ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പെടെ.

3.മലിനജല നിർഗ്ഗമന സംവിധാനങ്ങളും ഖരമാലിന്യ പരിപാലനവും.

4.സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം.

5.തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം.

6.തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡിനിരുവശമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്.

7.ശ്മശാനങ്ങൾ സ്ഥാപിക്കൽ / ആരംഭിക്കൽ.

എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി രോഗപ്രധിരോധത്തിനല്ല മറിച്ച് രോഗചികിത്സക്കാണ് തുക ചെലവഴിച്ചിരിക്കുന്നതെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3-ാം പട്ടികയിൽ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളായി രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുകയെന്നത് ഉൾപ്പെടുന്നുണ്ടെങ്കിലും മേൽ പദ്ധതിപ്രകാരം മരുന്നുകൾ വാങ്ങിയത് രോഗപ്രതിരോധത്തിനുള്ളവയാണോ എന്നതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14)നൽകിയതിന് മറുപടി ലഭിച്ചില്ല.

മാർഗ്ഗരേഖക്കുവിരുദ്ധമായി പദ്ധതിക്ക് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-8 അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ- ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല- 309000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1.ഭവനപുനരുദ്ധാരണം (എസ്.സി)

പ്രോജക്ട് നമ്പർ-S0011/17

ട്രഷറി ബിൽ നമ്പർ-10/16-17/30.3.17 തുക 125000 രൂപ

ട്രഷറി ബിൽ നമ്പർ-20/16-17/30.3.17 തുക 175000 രൂപ

ട്രഷറി ബിൽ നമ്പർ-21/16-17/31.3.17 തുക 200000 രൂപ

മേൽ പ്രോജക്ട് പ്രകാരം 25000രൂപ വീതം 20 പേർക്ക് ഭവനപുനരുദ്ധാരണത്തിനായി നൽകിയിട്ടുണ്ട്. ആയതിൽ താഴെ പ്പറയുന്നവർ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

1.ചന്ദ്രിക വേലായുധൻ,ചിറ്റാങ്ങര,ചിറ്റിശ്ശേരി

2.സുമതി ശങ്കരൻ,വാരിയത്ത് ,പാഴായി

3.കുമാരൻ.കെ.വി.കുന്നത്ത്,ചെറുവാൾ

4.സിന്ധു.വി.വി .പൊന്നഹൗസ്

5.വാസന്തി.പി.കെ,ഐത്താടൻ ഹൗസ് ,ചിറ്റിശ്ശേരി

6.ഗിരീഷ് .ടി.എസ്,തൈക്കാട്ടുശ്ശേരിഹൗസ്,ചിറ്റിശ്ശേരി

7.ഉണ്ണികൃഷ്ണൻ,കൊള്ളിപ്പറമ്പിൽ,തലോർ

8.കുഞ്ഞിത്താണ്ടി ,മൂത്തേടത്ത്,ചിറ്റിശ്ശേരി

9.വേണു.എം.വി,മൂത്തേടത്ത്,ചിറ്റിശ്ശേരി

10.രതീഷ്.കെ.ആർ,കപ്ലിങ്ങാട്ട്,ചിറ്റിശ്ശേരി

11.തങ്ക.കെ.കെ.കളത്തിങ്കൽ,ചിറ്റിശ്ശേരി

12.അനിലൻ കുറുവത്ത്,മടവാക്കര

മേൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.പട്ടികജാതി വിഭാഗക്കാർക്ക് വിദേശ തൊഴിൽ ലഭ്യമാക്കാൻ ധനസഹായം

പ്രോജക്ട് നമ്പർ-S0071/17

ട്രഷറി ബിൽ നമ്പർ-16/16-17/30.3.17-9000രൂപ

മേൽ പ്രോജക്ട് പ്രകാരം ധനസഹായം ലഭ്യമാക്കിയ ദീപക്.വി.റ്റി, വേലപ്പറമ്പിൽ തലോർ എന്നയാൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 9000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയിട്ടില്ല.- 450000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ തുക | ഹാജരാക്കാത്ത രേഖ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | S0080/17<br>സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | എ)26/16-17 /27.2.17<br>തുക 194637രൂപ<br>ബി) 5363 രൂപ തനതുഫണ്ട്-വൗച്ചർ നമ്പർ-21601203/24.3.17 | അസി.എഞ്ചിനീയർ പുതുക്കാടിന് നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം |
| 2 | S00150/17<br>കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 31/16-17/27.2.17<br>180000 രൂപ<br>32/16-17/29.3.17<br>70000 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കേരളാ വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷനു നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം |
| | ആകെ | 450000രൂപ | |

രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 450000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-10 അടിസ്ഥാനസൗകര്യവികസനം താൽക്കാലികമായി തടസ്സപ്പെട്ടു - സർക്കാർ തലത്തിലുള്ള പരിഹാരനടപടികൾക്ക് ശ്രമിക്കേണ്ടതാണ്.

ഭരണഘടനയുടെയും നിയമത്തിന്റെയും പിൻബലമുണ്ടെങ്കിലും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ വിജയം വിവിധതലങ്ങളിൽ ഉത്തരവാദിത്തം കയ്യാളുന്നവരുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനിയർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ സ്ഥിതിവിവരകണക്ക് പരിശോധിച്ചാൽ മേൽപ്രസ്താവന ബോധ്യപ്പെടും.

| ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ശതമാനം |
|---|---|---|
| 67 | 17 | 25 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8) അസി.എഞ്ചിനിയർ മറുപടി നൽകിയതനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ തലത്തിൽ പരിഹാരം കാണാൻ സാധിക്കാത്തതും തദ്ദേശഭരണവകുപ്പിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന PRICE software-മായി ബന്ധപ്പെട്ട പ്രശ്നങ്ങളും കരാറുകാരുടെ ബഹിഷ്കരണ സമരവുമെല്ലാമാണ് ഇത്തരമൊരു സാഹചര്യത്തിനു കാരണം.

2016-17 വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ [സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ തീ.11.01.16] പ്രകാരം ജീവിതഗുണനിലവാരം ഉയർത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട മേഖലകളിൽ ഒന്നാണ്. കൂടാതെ ഇത് പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതുമാണ്.

വസ്തുതകൾ ഇതായിരിക്കെ വിവിധ കാരണങ്ങളാൽ പദ്ധതികളുടെ ഗുണഭോക്താക്കളായ ഗ്രാമീണ ജനതക്ക് അടിസ്ഥാനസൗകര്യവികസനം ഒരു വർഷത്തേക്ക് തടസ്സപ്പെട്ടുവെന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിലുള്ള വിഷയങ്ങളിൽ ഉദ്യോഗസ്ഥ തലത്തിലുള്ള ഇടപെടലുകൾക്ക് പരിമിതിയുള്ളതിനാൽ രാഷ്ട്രീയതലത്തിലുള്ള ഇടപെടലുകളിൽകൂടി സർക്കാരിൽനിന്നുമുള്ള പരിഹാരനടപടികൾക്ക് ശ്രമിക്കുന്നതാണ് ഉചിതം.

# 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 2016-17 വർഷത്തെ മൊത്തം അടങ്കൽ | 31113155 |
| 2016-17 വർഷത്തെ മുൻ ബാക്കി | 107.5 |
| 2016-17 വർഷത്തെ ആകെ വരവ് | 6604874.5 |
| 2016-17 വർഷത്തെ ആകെ ചെലവ് | 6597033.5 |
| 2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 7948.5 |

| 2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം 491 | ആരംഭിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം |
|---|---|---|---|
| 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 98 | 85 | 13 |

| | |
|---|---|
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 1942 |
| 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |
| പട്ടികജാതി | 4215 |
| പട്ടികവർഗ്ഗം | 10 |
| മറ്റുള്ളവർ | 13039 |
| ആകെ | 17264 |
| സ്ത്രീകൾ | 16568 |
| പുരുഷൻമാർ | 696 |
| 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 492 |
| 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 66 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | - |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | - |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് ജല സംരക്ഷണം | - | - |
| വനവൽക്കരണം | 1 | 2470 |
| ചെറുകിട ജലസേചന പദ്ധതികൾ | 10 | 892953 |
| ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | 66 | 4088952 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 1 | 82867 |
| ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 2 | 21390 |

| | ആരംഭിച്ച പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കിണർ | 6 | 92211 |

| | | |
|---|---|---|
| IHHL | 3 | 21390 |
| Farm pound | 1 | 17380 |
| Compost Pit | 1 | 7538 |
| Road Concrete | 5 | 249005 |
| Drain | - | - |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | മുൻവർഷങ്ങളിൽ ലഭിച്ച തുക ചെലവാകാതെ അവശേഷിക്കുന്നത് | | | 167011 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 25000 | ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 25000 | 0 |
| OB | | | | | 167011 |
| ജില്ലാപഞ്ചായത്ത് | | മുൻവർഷങ്ങളിൽ ലഭിച്ച തുക ചെലവാകാതെ അവശേഷിക്കുന്നത് | | | 120508 |
| ജില്ലാപഞ്ചായത്ത് | 2016-17 | 37013 | നെൽകൃഷി വ്യാപനം | 37013 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 500000 | ഹരിതകേരളം മണലിപ്പുഴ ശുചീകരണം | - | 500000 |
| | | ആകെ | | | 620508 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21601231/30.03.17(3504)<br>21601230/30.03.17(16619)<br>21601096/30.03.17(33381)<br>ബിൽനം.33/31.03.17(5000) | 58504 | 33081 (വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് ) | 25423 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ | 26/16-17, 27.02.17 | 200000 | - | 200000 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | 32/16-17, 29.03.17 | 250000 | - | 250000 |

| | സ്ഥാപിക്കൽ | | | | |
|---|---|---|---|---|---|

ബാലൻസ് തുക വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3322 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1999-00 | ഭാഗം -3 ഖണ്ഡിക-44 | 3322രൂപ | എം.ആർ.സഹദേവൻ കൺവീനർ, പാഴ്നിലം കൃഷിക്കുപയുക്തമാക്കൽ പദ്ധതി | 11603100297/3.8.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.2.10.1 | ലഭ്യമല്ല | - | തൊഴിൽനികുതി നൽകുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളുടേയും വ്യക്തികളുടേയും വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.6 | ലഭ്യമല്ല | - | കൃഷിക്കാർക്ക് നികുതി ചുമത്താത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.7 | ലഭ്യമല്ല | | കരാറുകാർക്ക് നികുതി ചുമത്താത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.8 | ലഭ്യമല്ല | | വാഹനഉടമകൾക്ക് നികുതി ചുമത്താത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.9 | ലഭ്യമല്ല | | നിക്ഷേപങ്ങളിൽനിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.2 | ലഭ്യമല്ല | | അസ്സസ്സ് മെന്റ് ബുക്കുകൾ സൂക്ഷിക്കാത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.4 | ലഭ്യമല്ല | | പിരിച്ച തുകകൾ ഡിമാന്റ് ആയി രേഖപ്പെടുത്തുന്നത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.5 | ലഭ്യമല്ല | | ഡി.സി.ബി പത്രിക സമയത്തിന് തയ്യാറാക്കാത്തത് | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.15.1 | ലഭ്യമല്ല | | ആന്തരികനിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത്. | 29.6.17ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37693858 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31324467 |
| വരവിനങ്ങളിലുള്ള നഷ്ടം | 4915 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2800479 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3000 | - | പി.എസ്.വത്സൻ,സെക്രട്ടറി |
| 2-4 | 1915 | - | പി.എസ്.വത്സൻ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 25000 | പി.എസ്.വത്സൻ, സെക്രട്ടറി |
| 3-3 | 287500 | ഡോ.പ്രദീപ്.സി.എ, വെറ്ററിനറി സർജ്ജൻ |
| 3-4 | 1412809 | പി.എസ്.വത്സൻ, സെക്രട്ടറി |
| 3-6(1) | 100000 | ഡോ.ലക്ഷ്മി.വി,മെഡിക്കൽ ഓഫീസർ, പി.എച്ച് .സി |
| 3-6(3) | 16170 | ഡോ.ലക്ഷ്മി.വി,മെഡിക്കൽ ഓഫീസർ, പി.എച്ച് .സി |
| 3-6(5) | 200000 | ഡോ.ലക്ഷ്മി.വി,മെഡിക്കൽ ഓഫീസർ, പി.എച്ച് .സി |
| 3-8(1), (2) | 309000 | മനോജ്, അസി.സെക്രട്ടറി |
| 3-9 | 450000 | പി.എസ്.വത്സൻ, സെക്രട്ടറി |
| | 2800479 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എസ് വത്സൻ സെക്രട്ടറി | വിരമിച്ചു | പട്ളിക്കാടൻ വീട് നന്തിപുലം പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം |
|---|---|
| 84-85,85-86,86-87, 87-88, 89-90, 91-92,92-93,93-94 | എൽ എഫ് (ടി എസ് 2)-1399/28.10.11/3.12.11 |
| 1994-95,1995-96,1996-97(ചെലവ്) ,1997-98,1998-99(ചെലവ്), 1999-2000 | കെ.എസ്.എ.ടി.എസ്.ആർ(പി6)266/16/27.02.16 ഓഡിറ്റ് അദാലത്ത് 18.02.16) |
| 2000-01,01-02 (ജനകീയാസൂത്രണം) | എൽ.എഫ് ടി9-1565/03/12.04.04 |
| 2000-01 | എൽ.എഫ് ടി9-193/04/7.8.04 |
| 2001-02 | എൽ.എഫ് ടി9-192/04/7.8.04 |
| 2002-03 | എൽ.എഫ് ടി9-392/05/18.6.05/14.11.05 |
| 2003-04 | എൽ.എഫ് ടി9-1704/08/21.8.09 |

| | |
|---|---|
| 2004-05 | എൽ.എഫ് ടി9-1705/08/21.8.09 |
| 2005-06 | എൽ.എഫ് ടി9-1560/09/25.9.10 |
| 2006-07 | എൽ.എഫ് ടി9-1561/09/25.9.10/08.06.11 |
| 2007-08 | എൽ എഫ് ടി(പി2)883/12/10.09.12 |
| 2008-09 | എൽ എഫ് ടി(പി2)884/12/10.09.12 |
| 2009-10 | എൽ എഫ് ടി(പി2)885/12/10.09.12 |
| 2010-11 | എൽ എഫ് ടി(പി2)886/12/10.09.12 |
| 2011-12 | എൽ എഫ് ടി(പി2)371/13/16.07.13 |
| 2012-13 | എൽ എഫ് ടി(പി2)188/14/11.09.14/12.11.14 |
| 2013-14 | എൽ എഫ് ടി(പി6)187/15/11.05.15/8.7.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 6)941/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 6)1908/16 തീയതി 4.11.16/30.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി6)1521/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 27.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No. KSA-TSR(P6)1521/2017

Kerala State Audit Department
District Audit Office, Thrissur
PIN- 680 020 Phone: 0487 2331249
E-mail:dotsr.ksad@kerala.gov.in

Dated : 27.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Fianacial Statement of Nenmanikkara Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Nenmanikkara Grama Panchcyat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.